# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 294

21-06-2013 ൽ മറുപടിയ്ക്ക്

## നെൽകൃഷി വ്യാപകമാക്കുന്നതിനും നെല്ലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും പദ്ധതികൾ

**ചോദ്യം**

ശ്രീ.ബി.ഡി.ദേവസ്സി
ശ്രീ.വി.ചെന്താമരാക്ഷൻ
ശ്രീ.സി.കെ.സദാശിവൻ
ശ്രീ.പുരുഷൻ കടലുണ്ടി

(എ) നെൽകൃഷി വ്യാപകമാക്കുന്നതിനും നെല്ലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ;

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) ആവിഷ്കരിച്ചിട്ടുണ്ട്.
നെൽകൃഷി വ്യാപകമാക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും 2013-2014 വർഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. സുസ്ഥിര നെൽകൃഷി വികസനം.
2. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോത്സാഹനം.
3. പി.പി.പി.എസ്.ആർ.ഐ പദ്ധതി.
4. നെൽകൃഷി വികസന ഏജൻസികൾക്കുള്ള ഫണ്ട്.
5. ഉല്പാദന ബോണസ്.
6. ചെറുകിട നാമമാത്ര കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി.
7. ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി.
8. നെല്ല് സംഭരണം.

1. <u>സുസ്ഥിര നെൽകൃഷി വികസനം</u>

ഈ പദ്ധതിയനുസരിച്ച് നെൽകൃഷി നടപ്പിലാക്കുന്നതിനാവശ്യമായ ഉല്പാദനോപാധികളുടെ ചെലവിനായി ഹെക്ടറൊന്നിന് 1500/- രൂപ നിരക്കിലും, ആർ.കെ.വി.വൈ പദ്ധതിയിൽ ഹെക്ടറിന് 3000/- രൂപയും സബ്സിഡി നൽകി 180000 ഹെക്ടർ സ്ഥലത്ത് ഹെക്ടറിന് 4500/- രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.

2. കരനെൽകൃഷി വികസനം

ഹെക്ടറിന് 7500/- രൂപ സബ്സിഡി നൽകി 4000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കി വരുന്നു.

3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോത്സാഹനം.

ഈ പദ്ധതി പ്രകാരം 6 ജില്ലകളിലായി പൊക്കാളി, ബസുമതി, ഞവര എന്നിവ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 10000/- രൂപ സബ്സിഡി നല്കി 250 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കി വരുന്നു.

4. നെൽകൃഷി വികസന ഏജൻസികൾക്കുള്ള ഫണ്ട്.

ആകെ 11 നെൽകൃഷി വികസന ഏജൻസികൾക്കായി നെൽകൃഷിയ്ക്കുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നു.

5. ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ പദ്ധതി

260 ലക്ഷം രൂപയുടെ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു.

6. നെൽകൃഷി ഉല്പാദന ബോണസ്

ഹെക്ടറിന് 1000/- രൂപ നിരക്കിൽ നെൽകൃഷി ബോണസ് നൽകുന്നതിനായി 1130.4 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

7. നെല്ലുസംഭരണം

സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം കിലോയ്ക്ക് 17/- രൂപ നിരക്കിൽ സംഭരിയ്ക്കുന്നതിനും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിൽ നിന്ന് സർക്കാർ നേരിട്ടാണ് ഫണ്ട് അനുവദിക്കുന്നത്. ഇതിന് പുറമേ പി.പി.പി.എസി.ആർ.ഐ പദ്ധതി, ഗ്രൂപ്പ് ഫാമിംഗ് പാടശേഖരങ്ങളുടെ പ്രവർത്തനച്ചെലവ്, അടിസ്ഥാന സൗകര്യ വികസനം, നെൽകൃഷി ഉല്പാദന ബോണസ്, ചെറുകിട നാമമാത്ര കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി മുതലായവയും നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തിന്റെ ഏതെങ്കിലും പ്രത്യേക മേഖല കേന്ദ്രീകരിച്ചാണോ ഈ പദ്ധതികൾ നടപ്പാക്കുന്നതെന്നറിയിക്കാമോ; | (ബി) | നെൽകൃഷി വികസന പദ്ധതികൾ എല്ലാം തന്നെ സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലുമായി നടപ്പിലാക്കി വരുന്നു. എന്നാൽ താഴെപ്പറയുന്ന ചില പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നതിനനുയോജ്യമായ സ്ഥലങ്ങളിൽ മാത്രമായി നടപ്പിലാക്കി വരുന്നു.<br>1. <u>പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോത്സാഹനം</u><br>ആലപ്പുഴ, എറണാകുളം,തൃശ്ശൂർ, പാലക്കാട്, വയനാട്, കണ്ണൂർ എന്നിവിടങ്ങളിൽ മാത്രമായി നടപ്പിലാക്കുന്നു.<br>2. <u>നെൽകൃഷി വികസന ഏജൻസികൾക്കുള്ള ഫണ്ട്</u><br>ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, വയനാട് എന്നീ ജില്ലകളിലായി നടപ്പിലാക്കുന്നു.<br>3. <u>ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ പദ്ധതി</u><br>പാലക്കാട് ജില്ലയിൽ മാത്രമായി നടപ്പാക്കുന്നു.<br>4. <u>പി.പി.പി.എസ്.ആർ.ഐ</u><br>ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിലായി നടപ്പിലാക്കുന്നതിനുള്ള പദ്ധതിയുടെ ആസൂത്രണം പുരോഗമിക്കുന്നു.<br>മറ്റ് പദ്ധതികൾ എല്ലാം തന്നെ സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലുമായി നടപ്പിലാക്കി വരുന്നു. |
| (സി) | മുൻവർഷത്തേതിലുമധികമായി എത്ര ഹെക്ടർ സ്ഥലത്താണ് നെൽകൃഷി വ്യാപിപ്പിക്കാൻ ശ്രമിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | 2012-13 വർഷം 67500 ഹെക്ടർ സ്ഥലത്ത് ഗ്രൂപ്പ് ഫാമിംഗ് പദ്ധതി നടപ്പിലാക്കുകയുണ്ടായി. 2013-14 നടപ്പു വർഷം 112500 ഹെക്ടർ സ്ഥലത്ത് അധികമായി ടി പദ്ധതി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് വളത്തിന്റെ വിലയിലുണ്ടായ ഭീമമായ വർദ്ധനവ്, കാർഷിക വായ്പ ലഭ്യമില്ലായ്മ എന്നിവ സർക്കാരിന്റെ ഉദ്യമത്തെ എത്രത്തോളം ബാധിക്കുമെന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | കാലാകാലങ്ങളിൽ ഉണ്ടാകുന്ന രാസവളത്തിന്റെ ഉയർന്നവില കണക്കിലെടുത്ത് നെൽകൃഷിക്ക് നൽകുന്ന വിവിധ സബ്സിഡികളിൽ വർദ്ധനവ് വരുത്തുകയും നെല്ലിന്റെ സംഭരണ വില ഉയർത്തുകയും ചെയ്തിട്ടുണ്ട്. 2013 മേയ് മാസം മുതൽ വളത്തിന്റെ വിലയിൽ കുറവ് വരുകയും ചെയ്തു. പ്രധാന വളങ്ങളായ ഫാക്ടം ഫോസിന്റെ വില ടണ്ണിന് 18691 ൽ നിന്ന് 17751 ആയി കുറഞ്ഞു. പൊട്ടാഷ് 16800 ൽ നിന്ന് 16000 ആയി കുറഞ്ഞു. ഡി.എ.പി വളങ്ങൾക്ക് 24000 ൽ നിന്ന് 22500 ആയി കുറഞ്ഞു. ഈ വിലക്കുറവ് അനുസരിച്ച് കർഷകർ വ്യാപകമായി ഉപയോഗിച്ചു വരുന്ന രാസവള മിശ്രിതങ്ങളുടെ വിലയിലും ആനുപാതികമായ കുറവ് വരുത്തിയിട്ടുണ്ട്. ഇത് കർഷകർക്ക് ആശ്വാസമാണ്. കാർഷിക വായ്പ ലഭ്യമില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ